പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2885** **07-12-2018-ലെ മറുപടി**

**ജലസ്രോതസ്സുകളുടെ നവീകരണവും പുനരുദ്ധാരണവും**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. റ്റി.വി.രാജേഷ്**<br>**ശ്രീ. ബി.സത്യൻ**<br>**ശ്രീ. കെ.സുരേഷ് കുറുപ്പ്** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ജല സ്രോതസ്സുകളുടെ നവീകരണവും പുനരുദ്ധാരണവും ഉറപ്പാക്കി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ളവിതരണത്തിനും പ്രയോജനപ്രദമാകുന്ന രീതിയിൽ ഒരു പുതിയ ജല ഉപഭോഗസംസ്കാരം രൂപപ്പെടുത്തുന്നതിന് ഹരിത കേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം ജല സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജല സമൃദ്ധി" പദ്ധതി പ്രകാരം തദ്ദേശ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും 778 ഗ്രാമ പഞ്ചായത്തുകളിൽ നീർത്തട പ്ലാൻ പൂർത്തിയാക്കുകയും ചെയ്തു. റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു. കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ, ചെറുതും വലുതുമായ പുഴകൾ തുടങ്ങിയവ വിവിധ വകുപ്പുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്താൽ പുനരുദ്ധരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ജനപങ്കാളിത്തവും ജനപ്രതിനിധികളുടെ നേതൃത്വവും ഇത്തരം പ്രവർത്തനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്.<br>ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ വിവിധ സർക്കാർ വകുപ്പുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഏകോപനം സാദ്ധ്യമാക്കിക്കൊണ്ട് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചി ട്ടുണ്ട്. തികച്ചും ജനകീയമായിട്ടാണ് ഈ പ്രവർത്തന ങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. ഇതിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങളിൽ ജല സംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതു കൂടാതെ ജലമാണ് ജീവൻ എന്ന ഒരു കൈപ്പുസ്തകം തയ്യാറാക്കി വ്യാപകമായി പ്രചരിപ്പിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉപയോഗശൂന്യമായ ഒട്ടേറെ പാറമടകൾ വലിയ ജലസംഭരണികളായി മാറിയിട്ടുണ്ട്. ഇവയിലുള്ള |

ജലം ഗുണനിലവാര പരിശോധനയ്ക്ക് ശേഷം കുടിവെള്ളമായോ റീചാർജ്ജിംഗ് വഴി ഭൂജല പരിപോഷണത്തിനോ ഉപയോഗിക്കാവുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ പഞ്ചായത്തിലെ ഒരു പാറമടയിലെ ജലം ഉപയോഗിച്ച് നടത്തിയ റീചാർജ്ജിംഗ് വഴി ഇരുപതോളം കിണറുകളിൽ ജലസുരക്ഷ ഉറപ്പാക്കാനായിട്ടുണ്ട്. ഇത്തരത്തിൽ പാറമടകളിലെ ജലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായിട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം മിഷൻ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

ഹരിതകേരളം മിഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ഭൂരിപക്ഷം പഞ്ചായത്തുകളിലെ തോടുകളും ജലസ്രോതസ്സുകളും ജനകീയമായി ശുചീകരിച്ചിരുന്നു. വിവിധ വകുപ്പ് പദ്ധതികളിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും പെടുത്തി ജല സ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

| ക്രമ നം. | വിവരം | 2018 ജൂൺ വരെ |
|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴ/തോടുകൾ | 17182 കി.മീ |
| 2 | റീചാർജ്ജ് ചെയ്ത കിണറുകൾ | 48936 |
| 3 | നവീകരിച്ച കുളങ്ങൾ | 9889 |
| 4 | നിർമ്മിച്ച കുളങ്ങൾ | 8675 |
| 5 | നവീകരിച്ച കിണറുകൾ | 4625 |
| 6 | വൃഷ്ടിപ്രദേശ പരിപാലനം | 147239 ഏക്കർ |

ഇതു കൂടാതെ ഹരിതകേരളം മിഷന്റെ ഭാഗമായി ജനകീയമായി പുഴ വീണ്ടെടുക്കലിനുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇത്തരത്തിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകിയിരുന്നതും പതിറ്റാണ്ടുകളായി നികന്നുപോയതുമായ വരട്ടാർ 9.4 കിലോമീറ്റർ നീളത്തിൽ തടസ്സങ്ങൾ നീക്കി വീണ്ടും വെട്ടിയുണ്ടാക്കി നീരൊഴുക്ക് പുനഃസ്ഥാപിച്ചു. പുനരുജ്ജീവനം സാധ്യമാക്കിയ പുഴകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നം | ജില്ല | നീർച്ചാൽ/നദി | പുനരുജ്ജീവിപ്പിച്ച നീളം (കിലോ മീറ്റർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | കിള്ളിയാർ | 22 |
| 2 | ആലപ്പുഴ | വരട്ടാർ | 9.4 |
| 3 | പത്തനംതിട്ട | ആദി പമ്പ | 4 |
| | | കോലറയാർ | 12 |
| 4 | കോട്ടയം | മീനച്ചിലാർ മീനന്തറയാർ കൊടൂരാർ പുനർ സംയോജനവുമായി ബന്ധപ്പെട്ട് വിവിധ നീർച്ചാലുകളുടെ പുനരുജ്ജീവനം | 65 |
| 5 | ഇടുക്കി | വടക്കേപ്പുഴ | 1.5 |
| | | ചാലംകോട് തോട് | 2.3 |
| | | മുട്ടം പറപ്പാതോട് | 1 |
| 6 | എറണാകുളം | കടമ്പ്രയാർ | 16 |
| 7 | തൃശ്ശൂർ | പെരുംതോട് | 15 |
| 8 | കോഴിക്കോട് | പൂനൂർപ്പുഴ | 24 |
| 9 | കണ്ണൂർ | കാനാമ്പുഴ | 10 |

വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള 108 വിവിധ കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള പ്രൊപ്പോസലുകളിന്മേൽ 189 ലക്ഷം രൂപയുടെ 102 പ്രൊപ്പോസലുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മറ്റുള്ളവയുടെ സൂക്ഷ്മ പരിശോധന നടപടികൾ വകുപ്പിൽ പുരോഗമിച്ചുവരുന്നു. തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, ബോർവെൽ റീ ചാർജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

| | | | |
|---|---|---|---|
| (ബി) | കുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ, അരുവികൾ, തടാകങ്ങൾ എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ, അരുവികൾ തടാകങ്ങൾ മുതലായവയുടെ പാർശ്വഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികൾ, ചെളിനീക്കം ചെയ്ത് ആഴം കൂട്ടി ജല നിർഗ്ഗമന പ്രവൃത്തികൾ സുഗമമാക്കുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പ്രവൃത്തികൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. |
| (സി) | നദികളിലും മറ്റ് ഉപരിതല, ഭൂഗർഭ ജലസ്രോതസ്സുകളിലും ജലലഭ്യത ഉറപ്പാക്കാൻ സ്ഥിരം തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | അനുയോജ്യമായ പ്രദേശങ്ങളിൽ മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണക ളുടെ നിർമ്മാണമാണ് 2018-2019 സാമ്പത്തിക വർഷം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഭൂജല വകുപ്പ് ലക്ഷ്യമിടുന്നത്. തിരുവനന്തപുരം ജില്ലയിൽ നിന്ന് ലഭിച്ചിട്ടുള്ള രണ്ട് ചെറിയ തടയണകളുടേയും നാല് അടിയണകളുടേയും പ്രൊപ്പോസുകളിന്മേൽ തുടർ നടപടികൾ ഭൂജല വകുപ്പ് സ്വീകരിച്ചുവരുന്നു.<br>അനുയോജ്യമായ സ്ഥലങ്ങളിൽ ആവശ്യകത അനുസരിച്ച് ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ചാണ് തടയണ/ വെന്റഡ്ക്രോസ്ബാർ(VCB)/ റെഗുലേറ്റർ കം ബ്രിഡ്ജ്(RCB)/ എന്നിവ നിർമ്മിക്കുന്നത്. വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പ് തടയണ നിർമ്മാണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ